**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2845** | **03-08-2021 - ൽ മറുപടിയ്ക്ക്**

**കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെങ്കിലും അംഗീകൃത സ്ഥാപനത്തിൽ കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) കോഴ്സ് റഗുലറായി നടത്തുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) കോഴ്സ് റഗുലറായി നടത്തുന്നില്ല. |
| (ബി) | കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) പരീക്ഷ എഴുതുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യത എന്താണെന്ന് വിശദമാക്കാമോ; | (ബി) | കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) എന്ന കോഴ്സ് നിലവിലില്ല. |
| (സി) | സി-ആപ്റ്റിന്റെ ആറുമാസത്തെ കെ.ജി.ടി.ഇ. അഡ്വാൻസ്ഡ് കോഴ്സ് ഇൻ ഓഫ്സെറ്റ് പ്രിന്റിംഗ് റഗുലറായാണോ നടത്തുന്നത്; ഇത് പഠിക്കുന്നതിനുള്ള യോഗ്യത എന്താണ്; | (സി) | സർക്കാർ ഉത്തരവ് സ.ഉ(സാധാ) നം. 1478/05/ ഉവിവ പ്രകാരം Advance Certificate Course in offset Printing നിർത്തലാക്കുകയും ഒരു വർഷ ദൈർഘ്യമുള്ള ഓഫ് സെറ്റ് പ്രിൻറിംഗ് ടെക്നോളജി സർട്ടിഫിക്കറ്റ് കോഴ്സ് സി-ആപ്റ്റ് മുഖേന റെഗുലർ ആയി നടത്തുന്നു. പ്രസ്തുത കോഴ്സിൻെറ നിലവിലുള്ള അടിസ്ഥാന യോഗ്യത Pre Degree//+2/VHSE/Diploma in any discipline or any other equivalent examination ആണ് |
| (ഡി) | ഒരു സർക്കാർ അംഗീകൃത സ്ഥാപനത്തിൽ റഗുലറായി പഠിച്ച് കെ.ജി.ടി.ഇ. അഡ്വാൻസ്ഡ് കോഴ്സ് ഇൻ ഓഫ്സെറ്റ് പ്രിന്റിംഗ് പാസായി ലഭിക്കുന്ന സർട്ടിഫിക്കറ്റ്, സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള പരിചയ സർട്ടിഫിക്കറ്റിന്റെ മാത്രം പിൻബലത്തിൽ അപേക്ഷ നൽകി ആർക്കും എഴുതാവുന്ന കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) സർട്ടിഫിക്കറ്റിന് തുല്യമായി പരിഗണിക്കാൻ സാധിക്കില്ലെന്ന് സർക്കാർ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തുല്യത സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ ലഭിക്കുന്ന അപേക്ഷകളിൽ അനാവശ്യ കാലതാമസം വരുത്തുന്നുണ്ടോയെന്ന കാര്യം പരിശോധിക്കുമോ; | (ഡി) | കെ.ജി.റ്റി.ഇ & പ്രിൻറിംഗ് (ലോവർ) കോഴ്സ് നിലവില്ല. നിലവിലുള്ള കോഴ്സായ കെ.ജി.റ്റി.ഇ. പ്രീ പ്രസ്സ് ഓപ്പറേഷൻ /പ്രസ്സ് വർക്ക് / പോസ്റ്റ് പ്രസ്സ് എന്നിവയ്ക്ക് സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ ഒരു വർഷം ദൈർഘ്യമുള്ള കോഴ്സ് പൂർത്തീകരിക്കേണ്ടതാണ്. കേവലം പരിചയ സർട്ടിഫിക്കറ്റിൻെറ അടിസ്ഥാനത്തിൽ പ്രസ്തുത പരീക്ഷയ്ക്ക് പങ്കെടുക്കുവാൻ സാധിക്കില്ല. തുല്യതാ സർട്ടിഫിക്കറ്റിനായി ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം വരുത്താതെ തുല്യത അനുവദിച്ച് വരുന്നു. |
| (ഇ) | ഉദ്യോഗാർത്ഥികളെ പ്രയാസപ്പെടുത്തുന്ന രീതിയിൽ കൃത്യമായ തീരുമാനമെടുക്കാതെ തുല്യത | (ഇ) | ഇത്തരത്തിൽ ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | | | |
|---|---|---|---|
| | സർട്ടിഫിക്കറ്റ് നൽകുന്നത് വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ